**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2787** | **13-10-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യവനവൽക്കരണ പ്രവർത്തനങ്ങളുടെ കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യവനവൽക്കരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ പത്ത് വർഷത്തെ പ്രധാന പ്രവർത്തനങ്ങളും ചെലവാക്കിയ തുകയും എത്രത്തോളം വനവൽക്കരണം നടത്തി എന്നതും സംബന്ധിച്ച കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ; | (എ) | 1) ഹരിതകേരളം പദ്ധതിവഴി വൃക്ഷത്തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. 2) കാവുകൾ സംരക്ഷിക്കുന്നതിനായി ഉടമകൾക്ക് ധന സഹായം നൽകിവരുന്നു. 3) കണ്ടൽ വനങ്ങൾ വച്ചുപിടിപ്പിച്ച് സംരക്ഷണം നൽകുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകിവരുന്നു. കൂടാതെ അനുയോജ്യമായ സ്ഥലങ്ങളിൽ കണ്ടൽചെടികൾ വച്ചുപിടിപ്പിക്കുന്നതിന് കണ്ടൽചെടികൾ ഉൽപാദിപ്പിച്ച് നൽകിവരുന്നു. 4) കടലോരം, കായലോരം, പുഴയോരം, കനാൽതീരം, പാതയോരങ്ങൾ, റെയിൽവേയുടെ അധീനതിയിലുള്ള ഭൂമി, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ തരിശായ സ്ഥലം എന്നിവിടങ്ങളിൽ വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്നുണ്ട്. 5) കടലാമ സംരക്ഷണം, പക്ഷിസംരക്ഷണം എന്നീ പ്രവർത്തനങ്ങൾ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ നടപ്പാക്കിവരുന്നു. 6) പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ വർഷവും വനമിത്ര പുരസ്കാരം നൽകിവരുന്നു. 7. സ്വകാര്യ ഭൂമികളിൽ തടിയുൽപാദനം വർദ്ധിപ്പിക്കുന്നതിനായി 10 ഇനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോൽസാഹന ധനസഹായം നൽകിവരുന്നു. 8. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ജലാശയ പുനരുദ്ധാരണവും മറ്റ് പരിസ്ഥിതി ശുദ്ധീകരണ പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു. 9. സ്കൂൾ, കോളേജ് തലത്തിൽ ഫോറസ്ട്രി ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ച് വിദ്യാവനം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഔഷധ സസ്യ ഉദ്യാനം, ചിത്രശലഭപാർക്ക് എന്നിവ ക്ലബ്ബിന്റെ ഭാഗമായി ചില സ്ഥാപനങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. 10. നേച്ചർ സ്റ്റഡിസെൻറർ കാലടിയിൽ |

| | | | |
|---|---|---|---|
| | | | മംഗളവനം പക്ഷിസങ്കേതം സോഷ്യൽ ഫോറസ്ട്രിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. 11. വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, റസിഡൻസ് അസോസിയേഷൻ അംഗങ്ങൾ എന്നിവർക്ക് പരിസ്ഥിതി സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലാസ്സുകളും, ക്യാമ്പ്, സെമിനാർ, എക്സിബിഷൻ എന്നിവയും നടത്തിവരുന്നു. 12. സ്കൂളുകൾ കേന്ദ്രീകരിച്ച് വിദ്യാവനം എന്ന പദ്ധതി നടപ്പി ലാക്കിവരുന്നു. 13. പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും പരിസ്ഥിതി സംരക്ഷണം, വനം വന്യജീവി സംരക്ഷണം എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരിക്കുന്നതിനായി അരണ്യം മാസിക പ്രസിദ്ധീകരിച്ച് വരുന്നു. സംസ്ഥാനത്ത് സാമൂഹ്യ വനവത്ക്കരണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചെലവാക്കിയ തുക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഈ കാലയളവിൽ പ്രസ്തുത വനൽക്കരണപ്രവർത്തനം നടത്താതെ കോൺട്രാക്ടർമാർ വഴി സർക്കാരിന്റെ പണം ദുരുപയോഗം ചെയ്യുന്നത് സംബന്ധിച്ച എത്ര പരാതികൾ ഓരോവർഷവും ലഭ്യമായി; അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദാംശം നൽകുമോ; | (ബി) | വനം വകുപ്പിൽ കരാർ വ്യവസ്ഥ നിലവിൽ വന്നതിനുശേഷം കൊല്ലം സോഷ്യൽ ഫോറസ്ട്രി റീജിയന് കീഴിലുള്ള ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്. ആയത് പുനലൂർ ഫ്ളൈയിംഗ് സ്ക്വാഡ് വിഭാഗംഅന്വേഷണം നടത്തി പരാതി വ്യാജമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് റീജിയന് കീഴിലുള്ള മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ 2018-ൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്. ഈ പരാതിയിൽ കോഴിക്കോട് ഫ്ളയിംഗ് സ്ക്വാഡ് ഡി.എഫ്.ഒ. അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിൽ നഴ്സറികൾ നിർമ്മിക്കാതെ വെള്ളപ്പൊക്കത്തിൽ തൈകൾ നഷ്ടപ്പെട്ടു എന്നു പറഞ്ഞുകൊണ്ട് തട്ടിപ്പ് നടത്തിയിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഇപ്രകാരം നഷ്ടപ്പെട്ട ധനം വീണ്ടെടുത്തതെത്ര; വിശദാംശം ലഭ്യമാക്കുമോ? | (സി) | വനം വകുപ്പിൽ കരാർ വ്യവസ്ഥ നിലവിൽ വന്നതിനുശേഷം കൊല്ലം സോഷ്യൽ ഫോറസ്ട്രി റീജിയന് കീഴിലുള്ള ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്. ആയത് പുനലൂർ ഫ്ളൈയിംഗ് സ്ക്വാഡ് വിഭാഗംഅന്വേഷണം നടത്തി പരാതി വ്യാജമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് റീജിയന് കീഴിലുള്ള മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ 2018-ൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്. ഈ പരാതിയിൽ കോഴിക്കോട് ഫ്ളയിംഗ് സ്ക്വാഡ് ഡി.എഫ്.ഒ. അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിൽ നഴ്സറികൾ നിർമ്മിക്കാതെ വെള്ളപ്പൊക്കത്തിൽ തൈകൾ നഷ്ടപ്പെട്ടു എന്നു പറഞ്ഞുകൊണ്ട് തട്ടിപ്പ് നടത്തിയിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| വർഷം | ചെലവാക്കിയ തുക |
| --- | --- |
| 2011 - 12 | 774.72 |
| 2012 - 13 | 973.92 |
| 2013 - 14 | 956.75 |
| 2014 - 15 | 968.01 |
| 2015 - 16 | 931.21 |
| 2016 - 17 | 1075.03 |
| 2017 - 18 | 1205.19 |
| 2018 - 19 | 1023.24 |
| 2019 - 20 | 1201.02 |
| 2020 - 21 | 1341.43 |